# സുവിശേഷനാദം

വാല്യം 10 ലക്കം 6

## പത്രാധിപലേഖനം

# ഹെബ്രോൻ പിടിച്ച അബ്ശാലോം

യിസ്രായേൽ രാജാവായിരുന്ന ദാവീദിനു മയഖാ ഭാര്യയിൽ ജനിച്ച പുത്രൻ ആയിരുന്നു അബ്ശാലോം. ദാവീദിനു എട്ടു ഭാര്യമാരും പിന്നെ മററു വെപ്പാട്ടിമാരും ഉണ്ടായിരുന്നു. അതിൽ നാലാമത്തെ ഭാര്യയായിരുന്നു മയഖ. ഇവരം ദാവീദിനു അബ്ശാലോമിനെ കൂടാതെ താമാർ എന്നൊരു പുത്രിയെയും പ്രസവിച്ചു. ദാവീദിന്റെ ഏക പുത്രി ഇവളായിരുന്നു. (1ദിന. 3: 1 – 9, 2 ശമു. 3; 2 – 5)

മയഖാ എന്ന എബ്രായവാക്കിനു പീഡനം (Oppression) എന്നാണ് അർത്ഥം. അബീശയിലിനെപ്പോലെയോ, ബേത്ത്ശേബയെപ്പോലെയോ യിസ്രായേലിൽ വിശ്രുതമായ ചരിത്രം സൃഷ്ടിച്ച പശ്ചാത്തലം പോലെ ഒന്നും മയഖയ്ക്കു അവകാശപ്പെടുവാൻ ഉണ്ടായിരുന്നില്ല. ഭരണപരമായും ഇവരം ദാവീദിങ്കൽ സ്വാധീനം ചെലുത്തിയ വ്യക്തി ആയിരുന്നില്ല. മറിച്ച് ഭവനത്തിൽ ഒതുങ്ങിക്കൂടി മക്കളെ ശുശ്രൂഷിച്ചും വളർത്തിയും വന്ന ഒരു ഉത്തമ വീട്ടമ്മയായി അവളെ കാണുന്നതിൽ തെററില്ലതാനും. മയഖയ്ക്കു ദാവീദിൽ ജനിച്ച മക്കളും ഇരുവരും സൗന്ദര്യത്തിൽ യിസ്രായേലിലെ തങ്ങളുടെ സമപ്രായക്കാരേക്കാൾ ശ്ലാഘനീയർ ആയിരുന്നു. (2 ശമു. 14: 13; 25) അബ്ശാലോം എന്ന എബ്രായ വാക്കിന്റെ അർത്ഥം സമാധാനത്തിന്റെ പിതാവ് (Abba + Shalome = Ab – shalome) എന്നും 'താമാർ' എന്ന വാക്കിനു 'പനമരം' (Palm Tree) എന്നുമാണ് അർത്ഥം.

2 ശമു. 3: 3 – ൽ ആണ് അബ്ശാലോമിന്റെ പേരു് ബൈബിളിൽ ആദ്യമായി പ്രതിപാദിച്ചു കാണുന്നതു്. അതു് ദാവീദിന്റെ തലമുറയുടെ വിവരണത്തോടുള്ള ബന്ധത്തിൽ ആണ്. രാജകുമാരൻ എന്ന പദവിയിൽ അവൻ മൂന്നാമൻ ആയിരുന്നു. ഇവൻ ഹെബ്രോനിൽ വച്ചാണ് ജനിക്കുന്നതു്.

ഒരു പ്രത്യേക ചരിത്രസംഭവത്തോടെയാണ് അബ്ശാലോം യിസ്രായേലിൽ രംഗപ്രവേശം ചെയ്യുന്നതു്. അബ്ശാലോമിന്റെ സഹോദരിയായിരുന്ന താമാർ അവളുടെ മററൊരു സഹോദരൻ (Half Brother) ആയിരുന്ന അമ്നോനാൽ നശിപ്പിക്കപ്പെട്ടു. ദാവീദിനു് അഹീനോവാം എന്ന ഭാര്യയിൽ ജനിച്ച ആദ്യജാതനായിരുന്നു അമ്നോൻ. അമ്നോൻ എന്ന എബ്രായ വാക്കിനു് വിശ്വസ്തൻ (Faithful) എന്നാണ് അർത്ഥം. എന്നാൽ സൗന്ദര്യമുള്ളതെല്ലാം എനിക്കു് എന്ന ചിന്താഗതി പുലർത്തിയിരുന്ന ദാവീദിന്റെ വഴിയിൽ—ബേത്ത്ശേബാ സംഭവം—നടന്നിരുന്ന അവന്റെ ആദ്യജാതനായിരുന്ന അമ്നോൻ തന്റെ സഹോദരിയോടു് വിശ്വസ്തത പുലർത്തുവാൻ കഴിഞ്ഞില്ല. അമ്നോനെ അനുനയിപ്പിക്കുവാൻ താമാർ നടത്തിയ ശ്രമങ്ങൾ പാഴായിപ്പോയി. (2 ശമു. 13: 12; 13, 14) ദുഃഖിതയായ താമാർ നിലയങ്കി കീറി തലയിൽ കൈവച്ചു കരഞ്ഞു കൊണ്ടു നടന്നു-

അബ്ശാലോം ഇതു് അറിഞ്ഞു. അവൻ സഹോദരിയെ പിതൃതുല്യമായ കരുണയോടും വാത്സല്യത്തോടും കൂടെ ആശ്വസിപ്പിക്കുകയും തന്റെ വീട്ടിൽ ചേർത്തുകൊള്ളുകയും ചെയ്തു. ദാവീദ് ഈ സംഭവം അറിഞ്ഞു് കോപിച്ചു എങ്കിലും താമാറിനെ ആശ്വസിപ്പിക്കുന്നതായോ അമ്നോനെ ശിക്ഷിക്കുന്നതായോ നാം കാണുന്നില്ല. അതേ പീഡിതയുടെ (മയഖ) മകൾ അതിക്രൂരമായി പീഡിപ്പിക്കപ്പെട്ടു.

അമ്നോൻ തന്റെ സഹോദരിയെ അപമാനിച്ചതു് അബ്ശാലോമിനു ഏറെ വേദനയായി. എന്നാൽ ദാവീദ് അതിങ്കൽ മൗനം ദീക്ഷിച്ചതു് അവനു് താങ്ങാവുന്നതിലും അധികം ആയിരുന്നു. "സഹോദരി മിണ്ടാതിരിക്കു ഈ കാര്യം മനസ്സിൽ വച്ചേക്കരുതു്," എന്നു പറഞ്ഞു് അവൻ സഹോദരിയെ ആശ്വസിപ്പിച്ചു എങ്കിലും അവൻ കാര്യം മനസ്സിൽ വയ്ക്കുകതന്നെ ചെയ്തു. (2 ശമു. 13: 20, cf. 22) അവൻ അമ്നോനെ ദ്വേഷിച്ചു. രണ്ടു വർഷം കഴിഞ്ഞപ്പോൾ, ഒരു കുടുംബ ഒത്തുചേരലിൽ വച്ചു് അബ്ശാലോം തന്റെ സഹോദരനായ അമ്നോനെ കൊന്നു അതെ! സമാധാന പിതാവു് എന്നു പേരോടു കൂടിയവൻ യിസ്രായേലിലും രാജ്യകുടുംബത്തിലും അസമാധാനത്തിന്റെ വിത്തുകൾ വിതച്ചു.

നിഷ്പക്ഷമായി ചിന്തിച്ചാൽ, ഈ ദുരന്തം ഒഴിവാക്കാമായിരുന്ന ഒന്നായിരുന്നു. ദാവീദ് തന്റെ മക്കളെ അല്പം കൂടെ ശ്രദ്ധിക്കുകയും ശിക്ഷിക്കേണ്ട സ്ഥാനത്തു് അതു് യഥാക്രമം നിവൃത്തിക്കുകയും ചെയ്തിരുന്നു വെങ്കിൽ — ! താമാറിനെ പുനരധിവസിപ്പിക്കുവാൻ അവൻ ന്യായമായ ഒരു മാർഗ്ഗം കണ്ടെത്തിയിരുന്നുവെങ്കിൽ — !! പീഡിതയുടെ മകൾ രാജ്യമുമ്പാകെ ആലംബഹീനയായി ! ! !

കൊലപാതകാനന്തരം അബ്ശാലോം തന്റെ അമ്മയുടെ അപ്പനും ഗെശൂർ രാജാവുമായിരുന്ന തൽമായിയുടെ അടുക്കൽ ഓടിപ്പോയി അഭയം പ്രാപിച്ചു. (2 ശമു. 13: 37 cf. 3: 3) മൂന്നു വർഷം അവൻ അവിടെ പാർത്തു. എന്നാൽ തെക്കോവക്കാരിയായ ഒരു സ്ത്രീയുടെ ജ്ഞാന വാക്കുകളാൽ അബ്ശാലോമിനെ യോവാബു് യെരുശലേമിലേക്കു് മടക്കി കൊണ്ടുവന്നു. അവൻ അവന്റെ വീട്ടിൽ പാർത്തു. (2 ശമു. 14: 1 — 24) അവൻ രണ്ടു വർഷം യരുശലേമിൽ പാർത്തു എങ്കിലും താൻ ശ്രദ്ധിക്കപ്പെടുകയോ രാജാവു് തന്നെ വിളിക്കുകയോ ചെയ്യുന്നില്ല എന്നു കണ്ടപ്പോൾ അബ്ശാലോം വളരെ തന്ത്രപരമായി അതു സാധിച്ചെടുത്തു (2 ശമു. 14; 28 — 33)

അങ്ങനെ രാജാവുമുമ്പാകെ അംഗീകരിക്കപ്പെട്ട അബ്ശാലോം മുഴയിസ്രായേലിനെയും തങ്കലേക്കു് വശീകരിച്ചുകളഞ്ഞു. (2 ശമു. 15: 1 — 6) അബ്ശാലോമിന്റെ പിന്നീടുള്ള നീക്കങ്ങൾ അതിദ്രുതമായിരുന്നു. നാലുവർഷം കഴിഞ്ഞപ്പോൾ (നാല്പതു വർഷം കഴിഞ്ഞപ്പോൾ എന്നു ചില തർജ്ജമകളിലും പുരാലിഖിതങ്ങളിലും കാണുന്നുണ്ടു് ചിലപ്പോൾ ഇതു് അബ്ശാലോമിന്റെ വയസ്സു് ആയിരിക്കാം.) ദാവീദിന്റെ അനുവാദം വാങ്ങി, തന്റെ നേർച്ചയുടെ നിവൃത്തി എന്ന വ്യാജേന, ഹെബ്രോനിലേക്കുപോയി. ചാരന്മാരെ യിസ്രായേലിൽ മുഴുവൻ അയച്ചു. യെരുശലേമിൽ നിന്നും ക്ഷണിക്കപ്പെട്ട ഇരുനൂറു പേരും, ദാവീദിന്റെ മന്ത്രിയായിരുന്ന അഹീഥോഫെലും അബ്ശാലോമിനെ പിന്തുണയ്ക്കുകയും ഒരു സമാന്തര ഗവൺമെന്റ് ഹെബ്രോനിൽ രൂപം കൊള്ളുകയും ചെയ്തു.


MGM-Article Source: Suviseshanadam, June 1996, Vol. 10, No.6, Page 3-5

ജനം കൂട്ടുകെട്ടിൽ കുടുങ്ങിയപ്പോൾ അബ്ശാലോമിന്റെ ബലം ഏറി വരികയും ചെയ്തു. (2 ശമൂ. 15: 7 – 12)

ഈ ഗൂഢാലോചന അറിഞ്ഞ ദാവീദ് തന്റെയും സ്വജനത്തിന്റെയും ജീവരക്ഷയ്ക്കായി യരുശലേമിലെ കൊട്ടാരം വിട്ട് ഓടിപ്പോയി. അവൻ കെദ്രോൻ തോട് കടന്ന് ഒലിവുമല കയറിപ്പോയി. അതേ കെദ്രോൻ തോട് കടന്ന് ഗദ്സമനെ തോട്ടം വഴിയായി കാൽവറിയിലേക്ക് നടന്നു പോയ ക്രിസ്തുവിന്റെ നിഴലായി ദാവീദ് ഇവിടെ ഭവിക്കുകയായിരുന്നു.

ദാവീദും ഉദ്യോഗികവൃന്ദവും ഓടിപ്പോയതറിഞ്ഞ് അബ്ശാലോം തന്റെ ജനവുമായി വന്നു യരുശലേം നഗരം പിടിച്ചു കൊട്ടാരം കീഴടക്കി. (2 ശമൂ. 16: 15 – 23) അചിരേണ, അവൻ ദാവീദിനെ പിന്തുടരുവാനായി പടയോട്ടം ആരംഭിച്ചു. ദാവീദ് തന്റെ സൈന്യവ്യൂഹത്തെയും സജ്ജമാക്കി. (2 ശമൂ. 18: 1 – 4) അങ്ങനെ യുദ്ധം ആരംഭിച്ചു. ദാവീദിന്റെ പടജ്ജനം ജയിച്ചു. തോറ്റോടിയ പട പരക്കം പായുമ്പോൾ അബ്ശാലോമിന്റെ മുടി ഒരു കരുവേലകത്തിൽ കുരുങ്ങി. അവന്റെ വാഹനമൃഗം കീഴിൽ നിന്നും ഓടിപ്പോയി. യോവാബ് അവനെ നെഞ്ചത്തു കുത്തി. പത്തു ബാല്യക്കാർ വളഞ്ഞുനിന്നു അവനെ അടിച്ചുകൊന്നു. അവന്റെ മുടി രാജതൂക്കപ്രകാരം 200 ശേക്കെൽ ഉണ്ടായിരുന്നു. രാജതൂക്കപ്രകാരം ഒരു ശേക്കെൽ എന്നു പറയുന്നത് 22. 8 ഗ്രാം ആണ്. അപ്പോൾ മുടിയുടെ ആകെ തൂക്കം 4560 ഗ്രാം (ഓപ്പൺ ബൈബിൾ പേജ് 29 അളവുകളും തൂക്കങ്ങളും ഒത്തു നോക്കുക) ഇത്രയും മനോഹരവും തൂക്കവുമുള്ള മുടിയിൽ തൂങ്ങി അബ്ശാലോമിന്റെ അന്ത്യം ഉണ്ടായി. അങ്ങനെ യുദ്ധം തീർന്നു. ദാവീദിന്റെ രാജത്വം ഉറയ്ക്കുകയും അവൻ യെരുശലേമിലേക്ക് വരികയും ചെയ്തു.

അബ്ശാലോമിന്റെ നാശം ദൈവത്താൽ ഭവിച്ചു എന്നു വരുമാറാണ് കാര്യങ്ങൾ നടന്നത്. ഹെബ്രോനിൽ രാജത്വം പ്രാപിക്കുന്നവൻ യരുശലേമിലും രാജാവാകും എന്നു അബ്ശാലോം ചിന്തിച്ചു. ദാവീദിന് അങ്ങനെ ആയിരുന്നുവല്ലോ. അതിനാൽ അവൻ യാഗത്തിനെന്ന വ്യാജേന ചെന്നു ഹെബ്രോനിൽ രാജാവായി. തുടർന്നു അഹീഥോഫെലിനെ (വിഡ്ഢിത്വത്തിന്റെ സഹോദരൻ എന്ന് അർത്ഥം) കൂട്ടു പിടിച്ചു. ഒടുവിൽ യരുശലേമിൽ തന്റെ ആധിപത്യം ഉറപ്പിക്കുവാൻ ദാവീദിനെതിരായി പടനീക്കം നടത്തി. എന്നാൽ താലോലിച്ചു വളർത്തിയ മുടി അവന് കുരുക്കായി ഭവിച്ചു. മരിക്കുമ്പോഴും യരുശലേം അവന് ഒരു വിദൂര സ്വപ്നമായിരുന്നു.

ഈ വിഷയം ഇന്നത്തെ സാഹചര്യത്തിനും വളരെ അനുയോജ്യമാണ്. ഹെബ്രോൻ ആരാധനയെ കാണിക്കുന്നു. അന്യായ മാർഗ്ഗത്തിലൂടെ ചിലർ ചിലപ്പോൾ ഹെബ്രോൻ പിടിച്ചു എന്നു വരാം. എന്നാൽ അവർ യരുശലേമിൽ രാജ്യത്വം പ്രാപിക്കേണമെന്നില്ല. എന്തുകൊണ്ടെന്നാൽ യരുശലേം ദൈവനഗരമാണ്. സർവ്വശക്തൻ അതിനെ സദാകാലത്തേക്കും സ്ഥാപിച്ചിരിക്കുന്നു. അവിടെ അതിക്രമിച്ചു കയറുവാൻ ആർക്കും ഒരു നാളും കഴിയുകയില്ല. ആകയാൽ ഹെബ്രോനിൽ നിന്നും പടപ്പുറപ്പാട് നടത്താതെ, ദൈവഹിതപ്രകാരം ശാന്തമായി മുന്നേറാം. പുതിയ യരുശലേം നമുക്കായി ഒരുക്കപ്പെടുന്നു.

— പാസ്റ്റർ സണ്ണി പി. സാമുവൽ

MGM Article Source: Suviseshanadam-June 1996, Vol. 10, No.6, Page 3-5